**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2637** **12-10-2021 - ൽ മറുപടിയ്ക്ക്**

**പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിൽ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിനായി ഡിജിറ്റൽ ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള ബാങ്കിന്റെ രൂപീകരണത്തോടെ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങൾക്കായി ഏകീകൃത ബാങ്കിംഗ് സോഫ്റ്റ് വെയർ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1611 പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളും അവയുടെ ശാഖകളിലും, കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുന്നതിനായി സർക്കാരിന്റെ 10-08-2020 ലെ സ.ഉ.(സാധാ) 345/2020/സഹ നമ്പർ ഉത്തരവ് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ചെയർമാൻ ആയി NIC, IT Mission, Kerala Bank, PACS പ്രതിനിധി എന്നിവർ ഉൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും, ടി മോണിറ്ററിംഗ് കമ്മിറ്റി Request for Proposal (RFP) തയ്യാറാക്കുകയും ചെയ്തിരുന്നു. ടി RFP പ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ പരിശോധിക്കുന്നതി ലേക്കായി, സർക്കാരിന്റെ 13-01-2021 ലെ സ.ഉ.(സാധാ) 21/2021/സഹ നമ്പർ ഉത്തരവ് പ്രകാരം, സഹകരണ സംഘം രജിസ്ട്രാർ ചെയർമാൻ ആയി NIC, IT Mission, Kerala Bank, PACS പ്രതിനിധി, സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), നോഡൽ ആഫീസർ (ഐ.ടി) എന്നിവരെ ഉൾപ്പെടുത്തി കൊണ്ട് ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റി തയ്യാറാക്കിയ RFP സർക്കാർ അംഗീകരിക്കുകയും, |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ നിർദേശാനുസരണം ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 09-02-2021 ന് പ്രീ-ബിഡ് മീറ്റിംഗ് നടത്തുകയും 31.12.2021 ന് മുൻപായി ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | കമ്പ്യൂട്ടറുകൾ ഇല്ലാത്ത പ്രാഥമിക കാർഷിക വായ്പാസഹകരണ സംഘങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സാമ്പത്തിക പ്രതിസന്ധി കാരണം കംപ്യൂട്ടറൈസേഷൻ നടപ്പിലാക്കാത്ത 47 പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് അവയുടെ ശാഖകൾ ഉൾപ്പെടെ കംപ്യൂട്ടറൈസ് ചെയ്യുന്നതിനായി കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി 2020-2021 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സബ്സിഡിയിനത്തിൽ ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ഡി) | ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവൽക്കരണത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (ഡി) | സ്വീകരിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ സൊസൈറ്റികളുടെ ആധുനികവൽക്കരണത്തിന് ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും, അടിസ്ഥാന സൗകര്യ വികസനത്തിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രി സഹകരണ സംഘങ്ങൾക്ക് ചുവടെയുള്ള ധനസഹായം അനുവദിച്ച വരുന്നു. 1) ആശുപത്രി സഹകരണ സംഘങ്ങൾക്ക് രോഗ നിർണ്ണയത്തിനുള്ള അത്യാധുനിക/ അത്യന്താധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായമായി 75 ലക്ഷം രൂപ പദ്ധതി ചെലവിന്റെ 70% ഏതാണോ കുറവ് ആയത് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി അനുവദിക്കുന്നു. 2) ആശുപത്രി സഹകരണ സംഘങ്ങൾക്ക് ആംബുലൻസ് വാങ്ങുന്നതിനുള്ള സബ്സിഡിയായി ആംബുലൻസ് വിലയുടെ 50% അല്ലെങ്കിൽ 10 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് ആയത് അനുവദിക്കുന്നു. 3) ബ്ലഡ് ബാങ്ക് സ്ഥാപിക്കുന്നതിന് താലൂക്ക്/ജില്ലാ ആശുപത്രികൾക്ക് പ്രോജക്ട് കോസ്റ്റിന്റെ 80% അല്ലെങ്കിൽ 80 ലക്ഷം രൂപ, ഏതാണോ കുറവ് ആയത് സബ്സിഡി, ഓഹരി, വായ്പ എന്നീ ഇനങ്ങളിലായി അനുവദിക്കുന്നു 4) ആശുപത്രി സഹകരണ സംഘങ്ങൾക്ക് ഓഹരിയിനത്തിൽ 20 ലക്ഷം രൂപ അനുവദിക്കുന്നു. |
| (ഇ) | ഐ.സി.ഡി.പി. പ്രോജക്ടിൽ ഉൾപ്പെടുത്തി പ്രസ്തുത പ്രാഥമിക സംഘങ്ങളിലെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഐ.സി.ഡി.പി രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നിലവിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കു ന്നതിനായി കെ.എസ്.സി.ബി ശുപാർശ ചെയ്യുന്ന പ്രസ്തുത ജില്ലകളിലെ സഹകരണ സംഘങ്ങളുടെ പ്രൊപ്പോസലുകൾ സഹകരണ |

| | | | |
|---|---|---|---|
| | | | സംഘം രജിസ്ട്രാർ പരിശോധിച്ച് സർക്കാരിന്റെയും എൻ.സി.ഡി.സിയുടേയും അനുമതിക്ക് വിധേയമായി ധനസഹായം അനുവദിച്ച് നൽകി വരുന്നു. ഓരോ ജില്ലകൾക്കും 31.3.2021 വരെ അനുവദിച്ച നൽകിയ ധനസഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു. ഐ.സി.ഡി.പി പാലക്കാട് ജില്ല- 46,49,15,590/ രൂപ ഐ.സി.ഡി.പി തൃശ്ശൂർ ജില്ല– 30,93,44,350/- രൂപ ഐ.സി.ഡി.പി ഇടുക്കി ജില്ല – 43,12,85,115/- രൂപ |

സെക്ഷൻ ഓഫീസർ